# കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ : ജനാർദ്ദനൻ.കെ)

കേരള സംഗീത നാടക അക്കാദമി –ജീവനക്കാര്യം –എൽ.ഡി. ക്ലർക്കുമാർക്ക് യു.ഡി. ക്ലർക്കുമാരായി സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## കേരള സംഗീത നാടക അക്കാദമി

**ഉത്തരവ് നമ്പർ :685/2022/സം.നാ.അ** **തൃശ്ശൂർ,തിയതി :11/08/2022**

---

പരാമർശം : 1) കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ 19-01-2022 ലെ 123/2022/സം.നാ.അ നമ്പർ ഉത്തരവ്.
2) കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ01-06-2022 ലെ 462/2022/സം.നാ.അ നമ്പർ ഉത്തരവ്.
3) കേരള സംഗീത നാടക അക്കാദമി സെക്രട്ടറിയുടെ08-07-2022 ലെ 572/2022/സം.നാ.അ നമ്പർ ഉത്തരവ്.

## ഉത്തരവ്

കേരള സംഗീത നാടക അക്കാദമിയിൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ 27-12-2019 ൽ നിയമിതയായ ശ്രീമതി പ്രതിഭ പി പരാമർശം (1) പ്രകാരം 27-12-2021 പൂർവ്വാഹ്നത്തിൽ 2 വർഷത്തെ പ്രൊബേഷൻ പൂർത്തിയാക്കുകയും പ്രസ്തുത കാലയളവിൽ യു.ഡി. ക്ലർക്കായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ആവശ്യമായ അക്കൗണ്ട് ടെസ്റ്റ് ലോവർ പരീക്ഷ വിജയിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽടിയാൾക്ക് 27-12-2021 മുതൽ യു.ഡി. ക്ലർക്കായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്.

കേരള സംഗീത നാടക അക്കാദമിയിൽ എൽ.ഡി.ക്ലർക്ക് തസ്തികയിൽ 09-07-2018 ൽ നിയമിതനായ ശ്രീ. വത്സൻ പി.ബി പരാമർശം (2) പ്രകാരം 24-09-2021 പൂർവ്വാഹ്നത്തിൽ പ്രൊബേഷൻ പൂർത്തിയാക്കുകയും 21-05-2022 ന് ടിയാന് 50 വയസ്സ് പൂർത്തിയാവുകയും ചെയ്ത സാഹചര്യത്തിൽ ടിയാന് 22-05-2022 മുതൽ യു.ഡി. ക്ലർക്കായി സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അർഹതയുണ്ട്..

അക്കാദമിയിൽ നിലവിൽ ആറ് ക്ലറിക്കൽ തസ്തികയുള്ളതിൽ എൽ.ഡി. ക്ലർക്ക്, യു.ഡി. ക്ലർക്ക് തസ്തികകളുടെ അനുപാതം 1 : 1 ആണ്. ആയതിൽ യു.ഡി. ക്ലർക്ക് തസ്തികയിൽ നിലവിൽ 3 ഒഴിവുള്ളതിൽ, പരാമർശം (3) പ്രകാരമുള്ള അന്തിമ മുൻഗണനാപട്ടികയിൽ യഥാക്രമം ഒന്നാമത്തെയും രണ്ടാമത്തെയും സ്ഥാനത്തുള്ള ശ്രീമതി പ്രതിഭ പി യ്ക്ക് 27-12-2021 പൂർവ്വാഹ്നം പ്രാബല്യത്തിലും ശ്രീ. വത്സൻ പി.ബി.യ്ക്ക് 22-05-2022 പൂർവ്വാഹ്നം പ്രാബല്യത്തിലും 22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-48000 ശമ്പളസ്കയിലിൽ യു.ഡി. ക്ലർക്കുമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു. ടി സ്ഥാനക്കയറ്റം KS & SSR 1958 ചട്ടം 28(A) (1) പ്രകാരം താത്കാലികമായി നൽകുന്നതും ആവശ്യമെങ്കിൽ പുനഃ പരിശോധനയ്ക്ക് വിധേയമാക്കുന്നതുമായിരിക്കും.

സെക്രട്ടറി

1. ശ്രീമതി പ്രതിഭ.പി, ശ്രീ. വത്സൻ.പി.ബി.
2. എ.ഒ, പി.ഒ, ജെ.എസ്
3. ഫയൽകോപ്പി (എ1/2899/2022, എ1/2297/2019,എ1/2438/2013)
4. അഡീഷണൽ പകർപ്പ്.